# MANGANAM
# MANARCAUD ST. MARY'S CHAPEL



**പ**രിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ മാത്രം നിലനിന്നിട്ടുള്ള മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ നിന്നും 8 കിലോമീറ്ററോളം അകലെ സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ഒരു ഭൂപ്രദേശമാണ്, മണർകാട് പള്ളിയുടെ 12 കരകളിൽ ഒന്നായ മാങ്ങാനം കര.

കുട്ടികൾക്ക് വി. സഭയുടെ സൺഡേസ്കൂൾ പഠിക്കുവാനോ, പള്ളിയിൽ പോകുവാനോ യാതൊരു സൗകര്യവും ഇല്ലാത്ത ഒരു അവസ്ഥയായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. എന്നാൽ 1972 ൽ ഇവിടുത്തെ യുവാക്കന്മാർ ഒന്നടങ്കം സംഘടിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി മണർകാടുപള്ളിയിൽ നിന്ന് സൺഡേസ്കൂൾ അനുവദിച്ച്, കെട്ടിടം പണിയുകയുണ്ടായി. അങ്ങനെ സൺഡേസ്കൂൾ, പ്രാർത്ഥനായോഗം, യൂത്ത് അസ്സോസിയേഷൻ, വനിതാ സമാജം, മാങ്ങാനം കൺവൻഷൻ എന്നിവ പ്രവർത്തനം ആരംഭിച്ചു.

വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ സാധിക്കാത്ത പ്രശ്നം വീണ്ടും പരിഹാരം കാണാതെ ബാക്കി നിൽക്കുകയായിരുന്നു. 1985–ൽ എല്ലാവരും സംഘടിച്ച് ഒരു ചാപ്പൽ പണിയുവാൻ തീരുമാനിച്ചു. അതിനുള്ള അപേക്ഷ പള്ളിയിൽ സമർപ്പിച്ചു. സൺഡേസ്കൂൾ കെട്ടിടത്തിൽ താൽക്കാലികമായി വി. കുർബ്ബാന അർപ്പിക്കുവാനുള്ള അനുവാദം ലഭിച്ചു. പെരുമ്പള്ളിൽ നി.വ.ദി.ശ്രീ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കൽപ്പനപ്രകാരം 1985 ഡിസംബർ മാസം 22–ാം തീയതി ഞായറാഴ്ച ആദ്യമായി വി. കുർബ്ബാന അർപ്പിച്ചു. വെരി. റവ. കുര്യാക്കോസ് കോറെപ്പിസ്കോപ്പ വെട്ടിക്കുന്നേലിന്റെ സാന്നിദ്ധ്യത്തിൽ റവ. ഫാ. മാത്യു പി. ഏലിയാസ് പഴയിടത്തുവയലിൽ ആണ് ആദ്യബലിയർപ്പിച്ചത്. റവ.ഫാ. മാത്യൂസ് വടക്കേടത്ത്, റവ.ഫാ. ആൻഡ്രൂസ് ചിരവത്തറ എന്നിവർ ചാപ്പലിൽ ഓരോ ഞായറാഴ്ചയും മാറി മാറി വന്നുകൊണ്ടിരുന്നു. റവ.ഫാ. മാത്യൂസ് വടക്കേടത്തിന്റെ പ്രത്യേക ശ്രമഫലമാണ് ഇപ്പോഴത്തെ പള്ളി പണി പൂർത്തീകരിച്ചത്. ആദ്യബലി അർപ്പിച്ചതും അച്ചൻ തന്നെയാണ്. വടക്കേടത്ത് അച്ചനുശേഷം റവ.ഫാ. എം.ഐ. തോമസ് മറ്റത്തിൽ ചാപ്പലിന്റെ ചുമതലയേറ്റ് ഇന്നോളം ഭംഗിയായി നടത്തിവരുന്നു. ഇവിടുത്തെ എല്ലാ പുരോഗമനത്തിന്റെയും പിന്നിൽ മറ്റത്തിലച്ചന്റെ പരിശ്രമമുണ്ട്. ഇവിടെ നല്ല ഒരു ഗായകസംഘമുണ്ട്. വെരി.റവ. ഇ.റ്റി. കുര്യാക്കോസ് കോറെപ്പിസ്കോപ്പ ഇട്ട്യാടത്ത്, വെരി.റവ. ഏബ്രഹാം കോറെപ്പിസ്കോപ്പ കരിമ്പനത്തറ എന്നിവരുടെ സുത്യർഹമായ സേവനവും ഈ ചാപ്പലിനു ലഭിക്കുന്നുണ്ട്.

ബഹു. വടക്കേടത്ത് അച്ചന്റെ നിർദ്ദേശപ്രകാരമാണ് ഇവിടെ ആദ്യഫലപെരുനാൾ ആരംഭിച്ചത്. 1990–ൽ ആണ് ആനത്താനം, ഇഞ്ചിക്കാലാ, മക്രോണി വഴിയുള്ള റാസാ ആരംഭിച്ചത്. ഓരോ വർഷവും ജനുവരി 15 കഴിഞ്ഞു വരുന്ന ഞായറാഴ്ച വിത്തുകൾക്കുവേണ്ടിയുള്ള ദൈവമാതാവിന്റെ പെരുനാൾ ആഘോഷമായി നടത്തുന്നു. കൂടാതെ എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഓർമ്മ കൊണ്ടാടുന്നു.

മാമ്മോദീസാ, വിവാഹം എന്നീ കൂദാശകളും, ശവസംസ്കാരവും ഈ ചാപ്പലിൽ നടത്തുവാൻ അനുവാദമില്ല. ആയത് മാതൃഇടവകയിൽ നടത്തേണ്ടതാണ് എന്ന് പ്രത്യേകമായി തീരുമാനിച്ചിരിക്കുന്നു. മരിക്കപ്പെട്ടവരുടെ ഓർമ്മ ദിവസം, എട്ടുനോമ്പ്, സൂനോറോ പെരുനാൾ എന്നീ ദിവസങ്ങളിൽ ചാപ്പലിൽ വി. കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല.

അതതു കാലം മണർകാട് വി. മർത്തമറിയം യാക്കോബായ കത്തീഡ്രലിലേക്ക് തെരഞ്ഞെടുക്കുന്ന കമ്മറ്റിക്കാരാണ് ചാപ്പലിന്റെ ഭരണം നിർവ്വഹിക്കുന്നത്.

ഇടവകക്കാരിൽ നിന്നും കിട്ടുന്ന സ്തോത്രകാഴ്ചയും, മാസവരിയും മണർകാട് പള്ളിയിൽ നിന്നു കിട്ടുന്ന സഹായവുമാണ് ഈ ചാപ്പലിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org